

# സഹയാത്രികർ

■ അബൂഫിദൽ

## ആനുകാലികങ്ങളുടെ ഉള്ളടക്കങ്ങളിലൂടെ

### 'അറബി മലയാളത്തെ ഖബറടക്കിയ വിധം'

**അൽ ഇർഫാദ് മാസിക(ജൂലൈ)**

**നബീൽ** മന്ദലാംകുന്നിന്റെ ലേഖനം. ആയിരക്കണക്കിന് നൂറുകണക്കിന് പാട്ടുകളുമായി മുസ്ലിംകൾ അവരുടെ ആവിഷ്കാരങ്ങൾ വെളിപ്പെടുത്തിയ അറബി മലയാളമെന്ന ഉപഭാഷ നമുക്ക് അന്യമായത് എങ്ങിനെ? ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങൾക്ക് പ്രചോദനം നൽകുന്ന മാപ്പിള രചനകൾ ജനഹൃദയങ്ങളെ നല്ല വണ്ണം സ്വാധീനിച്ചിരുന്നു. വിപ്ലവാത്മകമായത് കൊണ്ടാണ് ബ്രിട്ടീഷുകാർ അവക്കെതിരെ നടപടി സ്വീകരിച്ചത്. ഇതിന്റെ പ്രയോക്താക്കളാകുന്നതിലൂടെ പരിഷ്കരണ പ്രസ്ഥാനങ്ങൾ സാമ്രാജ്യത്വത്തിന് പാദസേവ ചെയ്യുകയായിരുന്നു' - അറബി മലയാളം ഇല്ലാതായതിലൂടെ വിജയിച്ചത് സാമ്രാജ്യത്വമാണെന്നും അതിന്റെ ഉത്തരവാദികൾ സലഫി പരിഷ്കരണ പ്രസ്ഥാനങ്ങളാണെന്നും പറയുന്നു ലേഖകൻ. സി.എൻ അഹ്മദ് മൗലവിയുടെ പങ്കിനെ വിമർശന വിധേയമാക്കുന്നു.

'ഒബാമ പറഞ്ഞതും ലക്ഷ്യമാക്കുന്നതും' (പി.എം.കെ), 'അബൂഗുറൈബിനെ മറന്നു കൊണ്ട് ഈ വാചകക്കസർത്ത് വേണ്ടില്ലായിരുന്നു' (അഹ്മദ് കബീർ പി.ടി) -ഒബാമയുടെ കൈറോ പ്രഭാഷണത്തെക്കുറിച്ച് രണ്ട് ലേഖനങ്ങൾ.

'ദുർബല മനസ്സുകളുടെ നിസ്സംഗതകൾ ചൂഷണം ചെയ്ത് തടിച്ചുകൊഴുത്ത ഒരു കപട ജ്ഞാനമാണ് ജ്യോതിഷം'- കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പ് ഫലത്തെക്കുറിച്ച ജ്യോതിഷികളുടെ പ്രവചനങ്ങൾ പാളിപ്പോയതിന്റെ പശ്ചാത്തലത്തിൽ ഇബ്റാഹിം സഖാഫി പുഴക്കാട്ടിരിയുടെ ലേഖനം

'സുറയ്യയുടെ ആഗ്രഹത്തിന്റെ പുലർച്ചയാണ് പാളയത്ത് ദർശിച്ചത്. മുസ്‌ലിം നേതൃത്വം സുറയ്യയെ ബലമായി പിടിച്ചു വാങ്ങുകയായിരുന്നില്ല. ഇസ്‌ലാമിലേക്ക് കടന്നു വരാൻ അവരെ നിർബന്ധിച്ചിട്ടുമില്ല. എല്ലാം അവർ സ്വന്തമായി എടുത്ത തീരുമാനങ്ങളായിരുന്നു. എന്നിട്ടും സാംസ്കാരിക നായകർ ആരാച്ചാരുടെ വേഷമിടുന്നത് വളരെ കഷ്ടമാണ്....' കെ.വി.കെ ബുഖാരി 'കമല സുറയ്യ: പുതിയ കഥയുടെ പുനർജനി' എന്ന ലേഖനത്തിൽ എഴുതുന്നു. 'എറണാകുളം റോയൽ മാൻഷനിൽ വെച്ചുള്ള ആദ്യ കൂടിക്കാഴ്ചയിൽ തന്നെ സുറയ്യയുടെ മതവും ഹൃദയവും വായിച്ചെടുക്കാൻ' തനിക്ക് സാധിച്ചിരുന്നുവെന്ന് ലേഖകൻ അവകാശപ്പെടുന്നുണ്ട്. ഫൈസൽ അഹ്സനി ഉളിയിൽ, അബൂമഅ്റൂഫ് എന്നിവരുടെയും സുറയ്യ അനുസ്മരണങ്ങൾ.

സിയാവുദ്ദീൻ സർദാറിന്റെ 'ഓറിയന്റലിസം ലഘുചരിത്രം' പരമ്പര തുടരുന്നു. നാലാം ഭാഗം. വിവർത്തനം എ.കെ അബ്ദുൽ മജീദ്.

'മലബാർ: ദേശീയതയുടെ ഇട-പാടുകൾ' എന്ന എം.ടി അൻസാരിയുടെ പുസ്തകത്തെക്കുറിച്ച് എം.ഐ.എ ബക്കറിന്റെ നിരൂപണ ലേഖനം. 'രാഷ്ട്രീയത്തെ മതേതരമാക്കിയ ആധുനിക യുക്തി, മതത്തെ സ്വകാര്യവൽകരിച്ചും മതം രാഷ്ട്രീയത്തിൽ ഇടപെടുന്നതിനെ മതഭ്രാന്തായി കാണാൻ തുടങ്ങി....പടിഞ്ഞാറൻ അസ്ഥിവാരത്തിൽ നിർമ്മിക്കപ്പെട്ട ഇന്ത്യയിലെ ആധുനിക മതേതര ദേശീയത കൊളോണിയൽ കണ്ണുകളിൽ മതഭ്രാന്തായി തീർന്ന രാഷ്ട്രീയത്തിലെ മതസ്വാധീനത്തെ വർഗീയതയായി പുനർനാമകരണം ചെയ്തു'

### 'തെഹ്റാൻ: അരങ്ങിലിപ്പോൾ സാമ്രാജ്യത്വം'

**തെളിച്ചം മാസിക(ജൂലൈ)**

**ഇറാനിയൻ** പ്രശ്നങ്ങളെക്കുറിച്ച സുഹൈൽ ഹിദായയുടെ അവലോകനം.

'താരീഖ് റമദാൻ: യൂറോപ്പിന് പേടിസ്വപ്നമോ?' -താരീഖ് റമദാനെക്കുറിച്ച് അൽ മുജ്തമഅ് പ്രസിദ്ധീകരിച്ച ലേഖനത്തിന് മുഹമ്മദ് മൻസൂർ പുല്ലൂരിന്റെ വിവർത്തനം

'ലീഗിലേക്കുള്ള പ്രവേശം അടഞ്ഞ വാതിലൊന്നുമല്ല. പാർട്ടി നേതാക്കൾ അഹങ്കാരത്തിന്റെ അപോസ്തലൻമാരാണ്. എന്റെ ചോദ്യങ്ങൾക്ക് ഇതുവരെ ഉത്തരം കിട്ടിയിട്ടില്ല. പള്ളി മുക്രിമാരാണ് എന്നെ യുക്തിവാദിയാക്കിയത്..' മുൻ എം.പി, എ.പി അബ്ദുല്ലക്കുട്ടിയുമായി മഹ്മൂദ്, ജംശീർ എന്നിവർ ചേർന്നു നടത്തിയ അഭിമുഖം.

കാൽ നൂറ്റാണ്ടിലധികമായി മമ്പുറം മഖാമിലെ ഖാദിം ആയിരുന്ന ശറഫുദ്ദീൻ മൗലവിയുമായി മഹ്മൂദ് പനങ്ങാങ്ങര നടത്തിയ അഭിമുഖം.

### 'പ്രതിക്കൂട്ടിൽ ന്യായാധിപന്മാർക്കും'

**വിചിന്തനം വാരിക(ജൂലൈ)**

**ജുഡീഷ്യറിയിലെ** അഴിമതിയെക്കുറിച്ച മുഖലേഖനം

'സുന്നത്ത് പ്രതിബദ്ധതയും പ്രതിബന്ധങ്ങളും' പ്രഫ. പി. അബ്ദുല്ലയുടെ ലേഖനം. ഖുർആനും സുന്നത്തും മുറുകെ പിടിക്കേണ്ടതിനെക്കുറിച്ച ലേഖനം. പുതുതായൊന്നും ഉള്ളതായി കാണുന്നില്ല

'തഖ്‌ലീദ്: പാരമ്പര്യ-സാഹചര്യ സ്വാധീനങ്ങൾ' -ബഷീർ സലഫി പൂളപ്പൊയിലിന്റെ ലേഖനം. വീക്ഷണങ്ങളുടെ ആധാരങ്ങളാണ് പരിശോധിക്കപ്പെടുന്നത്; വീക്ഷണക്കാരുടെ മഹത്വങ്ങളല്ല'. തഖ്‌ലീദിനെതിരെയുള്ള സലഫീ സമീപനങ്ങൾ വ്യക്തമാക്കുകയാണ് ലേഖകൻ. കേരളത്തിലെ സലഫികളെ അൽബാനീ മദ്ഹബുകാരായി ചിത്രീകരിക്കുന്നത് ശരിയല്ലെന്നു ലേഖകൻ വാദിക്കുന്നു.

'ജമാഅത്തെ ഇസ്‌ലാമിയുടെ ശീഈ ബാന്ധവം മുജാഹിദ് ആരോപണമോ?'-കെ.കെ.പി അബ്ദുല്ലയുടെ ലേഖനം. കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമി ശിയായിസത്തിന്റെ ഗൂഢ ഏജന്റുമാരാണെന്നും സമ്പൂർണമായി ശിയാ ചിന്തയിൽ നിന്നു

ണ്ടായതാണ് ജമാഅത്തെ ഇസ്‌ലാമിയെന്നും വാദിക്കുകയാണ് ലേഖകൻ

'പ്രപഞ്ചത്തിൽ മാറ്റമുണ്ടാക്കാൻ ഭൗതിക വാദിയാകേണ്ട തില്ല. നിരീശ്വരവാദിയാകേണ്ടതില്ല. വിശ്വാസികൾ തന്റെ സഹ ജീവികൾക്ക് വേണ്ടി പ്രവർത്തിക്കൽ ബാധ്യതയാണ്. ദൈവ ത്തിന്റെ പരമാധികാരം മാത്രമേ ഒരു മുസ്‌ലിം പരമമായി കാണു ന്നുള്ളൂ. മറ്റെല്ലാ അധികാരവും അവൻ നൽകിയതാണ്. ഇവി ടത്തെ അധികാരികളുടെ അനീതിക്കും അക്രമത്തിനുമെതിരെ ശബ്ദമുയർത്തണം. സമൂഹത്തെ വരിഞ്ഞു മുറുക്കിയ ചങ്ങല ക്കെട്ടുകൾ തകർക്കൽ പ്രവാചകദൗത്യത്തിന്റെ വിവിധ ലക്ഷ്യ ങ്ങളിലൊന്നാണ്....' സാമൂഹിക പ്രവർത്തകൻ മതനിഷേധിയാ കുന്നതെന്തിന്? എന്ന തലക്കെട്ടിൽ മുബാറക് തിരൂർക്കാടിന്റെ ലേഖനം.

'സുന്നീ പണിഷ്മെന്റ് കമ്മറ്റി', 'ലാൽഗഢുകൾ ഉണ്ടാവു ന്നത്', 'മഴക്കാല രോഗങ്ങൾ', 'മഴ എന്ന ദൃഷ്ടാന്തം' തുടങ്ങിയ ലേഖനങ്ങളും.

ഭാര്യയെ മോളേ എന്നു വിളിക്കാമോ എന്നൊരു ചോദ്യമുണ്ട് ചോദ്യോത്തര പംക്തിയിൽ. 'അത് ഒട്ടും സുഖമില്ല. ആ മോൾക്ക് ഒരു പേരുണ്ടല്ലോ. ഭർത്താവ് ആ പേര് വിളിക്കണം' എന്നാണ് ഉത്തരം.

## 'അരിയുടെ വില, അധികാരത്തിന്റെ വില'

**രിസാല വാരിക(ജൂലൈ 10)**

**പി. സായ്‌നാഥിന്റെ** ലേഖനം കെ.സി ഷൈജൽ വിവർത്തനം ചെയ്തിരിക്കുന്നു. അധികാരത്തിന്റെ സമ്പന്നതയും പൊതുജ നത്തിന്റെ പട്ടിണിയും സൃഷ്ടിക്കുന്ന വൈരുധ്യത്തെക്കുറിച്ച രൂക്ഷ വിമർശനം.

'നാം എല്ലാം ശരിയാവാൻ വേണ്ടി കാത്തിരിക്കുന്നു. എന്നാൽ എല്ലാം ശരിയായിട്ട് ഒന്നും ശരിയാവില്ല എന്നതാണ് സത്യം. ആദ്യം അവനവന്റെ ഭാഗം അവനവൻ ശരിയാക്കട്ടെ. അപ്പോൾ മാറ്റം മറ്റേ ആളിലേക്കും കടന്നു വരും. മാറ്റം ഒരു പകർച്ച വ്യാധിയാണ്'- 'മാറ്റം ഒറ്റയാനാണ്' എന്ന തലക്കെ ട്ടിൽ കെ.എം. മുസ്തഫിന്റെ സുന്ദരമായ ലേഖനം.

'മഹാ ഗ്രന്ഥത്തിനു മേൽ പരിഭാഷകളുടെ ആക്രമണം'- ഖുർആൻ പരിഭാഷകളുടെ പരിമിതികൾ വിശകലനം ചെയ്യുന്ന അബ്ദുല്ല ഫൈസി നെക്രാജിന്റെ ലേഖനം.

ഫാസിസസത്തിനും നാസിസത്തിനും ജന്മം നൽകുന്നതിൽ ഡാർവിനിസം വഹിച്ച പങ്കിനെക്കുറിച്ച് പറയുന്ന ബാരി കടു ങ്ങപുരത്തിന്റെ ലേഖനം.

റഹീം പൊന്നാടിന്റെ ഹൃദയ സ്പർശിയായ കവിത- 'പ്രവാസം'

## ബാലകൃഷ്ണൻ വള്ളിക്കുന്ന് സംസാരിക്കുന്നു

**ശബാബ് വാരിക(ജൂലൈ 3)**

**മാപ്പിള** സാഹിത്യവും നവോഥാന പ്രസ്ഥാനവും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളെ വിശദീകരിച്ചു കൊണ്ട് ബാലകൃ ഷ്ണൻ വള്ളിക്കുന്ന് സംസാരിക്കുന്നു. ഉത്തരേന്ത്യയിലെ വഹാബി പ്രസ്ഥാനത്തിന്റെ സാമൂഹിക രാഷ്ട്രീയ ദൗത്യത്തെ ക്കുറിച്ചുള്ള നിരീക്ഷണങ്ങൾ. തയാറാക്കിയത് പി.എം.എ ഗഫൂർ. ഒപ്പം ടി. ഉബൈദിന്റെ സാമൂഹിക പരിഷ്കരണ ദൗത്യ ങ്ങളെക്കുറിച്ച് കെ.എം. അഹ്മദിന്റെ ലേഖനവും.

'താലിബാനിസവും സർക്കോസിസവും'- ഫീഡ് ബാക്കിൽ എമ്മാർ എഴുതുന്നു.

'ഇസ്‌ലാം സഹജീവിതത്തിന്റെ സംസ്കാരം'- യഹ്‌യാ നുഅ്മാനിയുടെ ലേഖനം. ഇസ്‌ലാമിന്റെ ബഹുസ്വര സംസ്കാ രത്തെക്കുറിച്ച ശ്രദ്ധേയമായ ലേഖനം. ■